പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :727

05.06. 2018 ൽ മറുപടിക്ക്

**വെളുത്തമണൽ സബ് എഞ്ചിനീയർ ഓഫീസ്**

ചോദ്യം

ശ്രീ.ആർ.രാമചന്ദ്രൻ

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കരുനാഗപ്പള്ളി നോർത്ത് ഇലക്ട്രിക്കൽ സെക്ഷന്റെ കീഴിൽ പ്രവർത്തിച്ചിരുന്ന വെളുത്ത-മണൽ സബ് എഞ്ചിനീയർ ഓഫീസ് ഇപ്പോൾ പ്രവർത്തി-ക്കുന്നുണ്ടോ; നിലവിൽ ഏതെല്ലാം വിഭാഗത്തിലുള്ള ഉദ്യോഗ-സ്ഥരാണ് ഇവിടെ ജോലി ചെയ്യുന്നതെന്നും ഈ ഓഫീസ് വഴി എന്തെല്ലാം സേവനങ്ങൾ ജനങ്ങൾക്ക് ലഭിക്കുന്നുവെന്നും വിശദമാക്കുമോ; | (എ) ഉണ്ട്. നിലവിൽ 2 ലൈൻമാൻമാരും ഒരു ഓവർസീയറും ഇവിടെ ജോലി നോക്കുന്നുണ്ട്.വൈദ്യുതി തടസ്സവുമായി ബന്ധപ്പെട്ട വരുന്ന എല്ലാ സേവനങ്ങളും ഇവിടെ നിന്നും നൽകുന്നുണ്ട്. |
| (ബി) 17000 ഉപഭോക്താക്കളുള്ള ഈ പ്രദേശം ഉൾപ്പെടുത്തി ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ബി) ഇപ്പോൾ പരിഗണനയിലില്ല. സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്രകിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 25000-ൽ അധികമാവുകയോ, അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോ മീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 20000-ൽ അധികമോ ആയിട്ടുള്ള സെക്ഷൻ ഓഫീസുകളാണ് ബോർഡ് മുൻകാലങ്ങളിൽ വിഭജനത്തിനായി പരിഗണിച്ചിരുന്നത്.<br>പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായിവരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് പ്രായോഗികമല്ല. എന്നാൽ ആധുനിക സാങ്കേതിക വിദ്യകൾ കൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനും വേണ്ടി ബോർഡ് നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ